പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1406

13.12.2012-ൽ മറുപടിയ്ക്ക്

## പൊന്നാനി -എലത്തൂർ തീരദേശപാത

| ചോദ്യം<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) പൊന്നാനി -എലത്തൂർ തീരദേശ പാതയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ; | (എ) പൊന്നാനി മുതൽ കോഴിക്കോട് വരെ ഒരു തീരദേശ പാത നിർമ്മിക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള ടിപ്പു സുൽത്താൻ റോഡിന്റെ നവീകരണത്തിനായി ഏകദേശം 1326.75 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി ആർ.ബി.ഡി.സി.കെ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ചമ്രവട്ടം മുതൽ തീരദേശ പാത അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;<br><br>(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) & (സി) ഉണ്ട്. ടി പദ്ധതി 5 ഘട്ടങ്ങളായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ആശാൻ പടി മുതൽ താനൂർ തെക്ക് വരെയുള്ള ഒന്നാംഘട്ടത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ -യെ ഏൽപ്പിക്കുകയും 11.10.2012-ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നം:1727/12/പൊ.മ.വ പ്രകാരം ഒന്നാംഘട്ട ചിലവിനായി 117.6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

Sharath

സെക്ഷൻ ഓഫീസർ